ചൈനയിലും ഒരു പ്രശ്നമായിട്ടുണ്ട്. തൊഴിൽ കിട്ടാൻ കാത്തിരിക്കുന്ന ചെറുപ്പക്കാരെ നഗരങ്ങളിൽ ധാരാളമായി കാണാമത്രെ. കുറ്റകൃത്യങ്ങളും ആത്മഹത്യകളും, പാശ്ചാത്യരാജ്യങ്ങളിലുള്ളത്ര ഇല്ലെങ്കിലും, ചൈനയിലും വർദ്ധിച്ചുവരികയാണ്.. പാശ്ചാത്യമൂല്യങ്ങളെയും പാശ്ചാത്യഫാഷനുകളെയും യുവജനങ്ങൾ അന്ധമായി സ്വീകരിക്കുന്നതിനെതിരെ ഒരു പ്രസ്ഥാനം അവിടെ ഈയിടെ സംഘടിപ്പിക്കപ്പെടുകയുണ്ടായി. ചൈനയിൽ സ്ത്രീകൾക്കിടയിലും പരക്കെ അസംതൃപ്തിയുള്ളതായി പറയപ്പെടുന്നു. 'ഒരു കുടുംബത്തിൽ ഒരു കുട്ടിമാത്രം' എന്നതു് ഒരു ദേശീയ മുദ്രാവാക്യമായി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഗർഭനിരോധത്തിനും ഗർഭഛിദ്രത്തിനും വ്യാപകങ്ങളായ സൗകര്യങ്ങൾ സർക്കാർ നൽകുന്നുണ്ടെങ്കിലും ജനസംഖ്യാവർദ്ധന ചൈനയിൽ ഇന്നും ഒരു പ്രശ്നംതന്നെയാണ്.

ചൈനയെ ആധുനികീകരിക്കുക; അതേസമയം മഹത്തായ ആ രാഷ്ട്രത്തിൻെറ പ്രാചീന സംസ്കാരവും വ്യതിരിക്തതയും, മാർക്സിസത്തിൻെറ ചട്ടക്കൂടിനുള്ളിൽ, നിലനിർത്തുകയുംചെയ്യുക—ചൈനീസ് നേതാക്കളുടെ മുമ്പിൽ ഇന്നുള്ള വെല്ലുവിളി ഇതാണ്. സോവിയററ്-അമേരിക്കൻ ചേരികൾക്കിടയിൽ അനുദിനം പിരിമുറുകി വരുന്ന സംഘർഷത്തിൻെറയും, അണുയുദ്ധഭീഷണിയുടെയും പശ്ചാത്തലത്തിൽ, ഈ ലക്ഷ്യത്തിലേക്ക് അവർ എങ്ങനെ മുന്നേറുന്നു എന്നതു്, ആധുനികകാലഘട്ടത്തിലെ അത്യന്തം താല്പര്യമുളവാക്കുന്ന മാനുഷികപ്രതിഭാസങ്ങളിലൊന്നാണ്. മനുഷ്യവർഗത്തിൽ പകുതിയുടെയെങ്കിലും ഭാഗധേയം ചൈനയുടെ സമാധാനപരമായ പുരോഗതിയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ, അതിൽ നമുക്ക താത്പര്യമുണ്ടാകാതെ വയ്യ.

(8 മെയ്, 1984)

# 11. ചൈനയിൽ രാമായണം

സംസ്കൃതത്തിൽ വാല്മീകി നിർമിച്ച രാമായണമെന്ന ഇതിഹാസം പൂർണരൂപത്തിൽ ചീനഭാഷയിൽ വിവർത്തനംചെയ്യപ്പെട്ടതായി 1984 നവംബർ 29-ാം തീയതി ചൈനയുടെ തലസ്ഥാനമായ ബൈജിങ് നഗരത്തിൽനിന്നു് പി. ടി. ഐ. റിപ്പോർട്ടു് ചെയ്തിരുന്നു. പ്രൊഫസർ ജിക്സിയാൻഗ്ലിൻ എന്ന പണ്ഡിതനാണ് ഏഴു വാല്യങ്ങളിലായി ഈ വിവർത്തനം തയ്യാറാക്കിയിട്ടുള്ളതു്. അദ്ദേഹത്തിൻെറ പത്തു വർഷത്തെ നിരന്തരയത്നത്തിൻെറ ഫലമാണ് ഈ രാമായണവിവർത്തനം.

ചൈന പ്രാചീന ഭാരതത്തിൽനിന്നു് ഉൾക്കൊണ്ടതു് മുഖ്യമായും ബുദ്ധമതമായിരുന്നു. ഫാഹിയാൻ, യുവാൻചാങ്, ഇത്സിങ്, മുതലായ ചൈനീസ് തീർത്ഥയാത്രികർ, ബുദ്ധമതം അതിൻെറ സ്രോതസ്സിൽനിന്നുതന്നെ പഠിക്കാനും, ബൗദ്ധകൃതികളുടെ കൈയെഴുത്തുപ്രതികൾ സമ്പാദിച്ചു ചൈനയിലേക്ക് കൊണ്ടുപോകാനുമായിരുന്നു ഇന്ത്യ സന്ദർശിച്ചതു്. സംസ്കൃതത്തിലുള്ള ബൗദ്ധകൃതികളുടെ വിവർത്തനം ചൈനയിൽ, സംഘടിതരൂപത്തിൽ ഏതാണ്ട് ആയിരം വർഷങ്ങൾ മുമ്പ് ആരംഭിച്ചു. എങ്കിലും മതനിരപേക്ഷമായ ഇന്ത്യൻ സാഹിത്യത്തിലും ഇന്ത്യാചരിത്രത്തിലും ചൈനക്കാർക്ക് താല്പര്യം ഉളവായതു് ഇക്കഴിഞ്ഞ അറുപതോ എഴുപതോ വർഷങ്ങളിൽ മാത്രമാണ്. നോബൽ സമ്മാനം നേടിയ ടാഗോറിൻെറ കൃതികളാണ് ആദ്യമായി ചൈനയി

ലേക്ക വിവർത്തനംചെയ്യപ്പെട്ട മതനിരപേക്ഷമായ ഭാരതീയസാഹിത്യം.

എങ്കിലും രാമായണം ചൈനയിൽ ഒട്ടംതന്നെ അറിയപ്പെട്ടിരുന്നില്ലെന്നു പറഞ്ഞുകൂടാ. ഹിന്ദുക്കളുടെ ഒരു വിശുദ്ധഗ്രന്ഥമായിട്ടാണ് രാമായണം പൊതുവെ കരുതപ്പെട്ടുവരുന്നതെങ്കിലും, ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും പ്രബോധനത്തിനായി, ആവശ്യമായ വ്യതിയാനങ്ങളോടെ, രാമായണകഥ പണ്ടുമുതൽക്കേ ഉപയോഗിക്കപ്പെട്ടുപോന്നിരുന്നു. ചൈനീസ്ഭാഷയിലേക്ക് വളരെമുമ്പ് വിവർത്തനംചെയ്യപ്പെട്ട രണ്ട് ബൗദ്ധഗ്രന്ഥങ്ങളിൽ രാമായണകഥ ഉരംപ്പെട്ടിരുന്നു പക്ഷേ, അവയിൽ സീതയുടെ അപഹർത്താക്കരം രാക്ഷസർ ആയിരുന്നില്ല, വ്യാളികരം (ഡ്രാഗൺ) ആയിരുന്നു. രാമായണകഥയിലെ ചില സന്ദർഭങ്ങരം ഉദാഹരിക്കുന്ന ഭിത്തി ചിത്രങ്ങരം കാൻസൗവിലെ ബൗദ്ധസ്തൂപത്തിൽ ആലേഖനം ചെയ്യപ്പെട്ടിരുന്നു ത്രിപിടകന്റെ (യുവാൻചാങിന്റെ) ഇന്ത്യാപ്രവാസത്തെ അധികരിച്ച് എ. ഡി. പതിനാറാം ശതകത്തിൽ രചിക്കപ്പെട്ട 'കരങ്ങ്' (ഹ്സിയുചി) എന്ന നോവലിൽ ഹനുമച്ചരിതത്തിന്റെ പ്രതിച്ഛായ നിരൂപകർ കാണുന്നു.

1973–ൽ, 'സാംസ്കാരിക വിപ്ലവ' കാലത്തു് അധ്യാപകവൃത്തിയിൽ നിന്നു് നീക്കംചെയ്യപ്പെട്ടിരിക്കവേ ആണ്, വാല്മീകിരാമായണം സംസ്കൃതത്തിൽനിന്നു് ചീനഭാഷയിൽ പകർത്തുകയെന്ന യത്നത്തിൽ പ്രൊഫസർ ജിക്സിയാൻഗിൻ ഏർപ്പെട്ടതു്. ഈ വിവർത്തനം എന്തെങ്കിലും കാലത്തു് പ്രസിദ്ധീകരിക്കപ്പെട്ടേക്കാമെന്ന ആശ അന്നു് പ്രൊഫസർ ജീക്ക് ഉണ്ടായിരുന്നില്ല. മാവോസിഡോങ്ങിന്റെ നിര്യാണത്തെയും 'നാൽവർസംഘ'ത്തിന്റെ നിഷ്കാസനത്തെയും തുടർന്നു്, ദെങ്സ്യാവോപിങ്ങിന്റെ നേതൃത്വത്തിൽ ആരംഭിച്ച നവീകരണപ്രസ്ഥാനമാണ് രാമായണത്തിന്റെ പ്രസിദ്ധീകരണത്തിനു് അനുകൂലമായ കാലാവസ്ഥ ചൈനയിൽ സൃഷ്ടിച്ചിട്ടുള്ളതു്.

'ഏഷ്യയുടെ ഇതിഹാസം' എന്നു് രാമായണം വിവരിക്കപ്പെട്ടിട്ടുണ്ട്. ഒരു വ്യക്തിയുടെ എന്നതിലേറെ, പല ജനതകളുടെ കൃതിയാണതു്. ഐതിഹ്യങ്ങളായും ഗാനങ്ങളായും അഭിനയകലാരൂപങ്ങളുടെ പ്രമേയങ്ങളായും രാമായണകഥ, അലിഖിതരൂപത്തിൽ, ഏറെക്കാലം ജനതകരംക്കിടയിൽ പ്രചരിച്ചുവന്നു. അതിലെ മിക്ക ഉപാഖ്യാനങ്ങരംക്കും പല വ്യത്യസ്തപാഠങ്ങരം നിലവിലുണ്ടായിരുന്നു. ദശരഥമഹാരാജാവിന്റെ അന്തഃപുരത്തിലെ ഉപജാപങ്ങരം, രാമൻ, സീത, ലക്ഷ്മണൻ എന്നിവരുടെ ദണ്ഡകാരണ്യവാസം, രാക്ഷസന്മാരും വാനരന്മാരും തമ്മിൽ നടന്ന ഘോരയുദ്ധം എന്നിങ്ങനെ പ്രകടമായ വ്യതിരിക്തതയുള്ള മൂന്നു ഘടകങ്ങരം രാമായണകഥയിലുണ്ട്. ഈ മൂന്നു ഘടകങ്ങളെയും ഇണക്കിച്ചേർത്തു്, ഇന്നത്തെ ലിഖിതരൂപത്തിലുള്ള രാമായണം രൂപപ്പെടുത്തിയതു് വാല്മീകിമഹർഷിയാണെന്നു് വിശ്വസിക്കപ്പെടുന്നു.

വാല്മീകിരാമായണം എഴുതപ്പെടുകയും, അതിന്റെ പാഠനവും പ്രവചനവും പണ്ഡിതന്മാർക്കിടയിൽ സാധാരണമായിത്തീരുകയും ചെയ്തതിനുശേഷവും, രാമായണത്തിലെ ഉപാഖ്യാനങ്ങരം ജനകീയരൂപത്തിൽ നിരക്ഷരരായ ജനങ്ങരംക്കിടയിൽ, കർണാകർണികയാ പ്രചരിച്ചുവന്നു. ഇന്ത്യയ്ക്കു പുറമെ, ഏഷ്യയിലെ മററു രാജ്യങ്ങളിൽ പ്രചരിച്ച 'രാമായണം.' വാല്മീകിരാമായണത്തെക്കാളേറെ ഈ 'ജനകീയരാമായണം' ആയിരുന്നു. ശ്രീലങ്കയിലെ സ്ഥിതിമാത്രമാണ് അല്പം വ്യത്യസ്തമായിരുന്നതു്. എ. ഡി. 517 മുതൽ 526 വരെ ആ രാജ്യം ഭരിച്ച കുമാരദാസൻ അഥവാ കുമാരധാതുസേനൻ എന്നറിയപ്പെടുന്ന കവി സംസ്കൃതത്തിൽ രചിച്ച 'ജാനകീഹരണം' എന്ന മഹാകാവ്യത്തിനു് എ. ഡി. പന്ത്രണ്ടാം

നൂററാണ്ടിലുണ്ടായ സിംഹള ഭാഷാവിവർത്തനത്തിലൂടെ, രാമായണത്തിന്റെ ലിഖിതപാരമ്പര്യം ശ്രീലങ്കയിൽ നിലനിന്നു. അടുത്തകാലത്ത് സി. ഡോൺ ബാസ്റ്റ്യൻ രചിച്ച രാമായണത്തിന്റെ സിംഹള വിവർത്തനം, ആ രാജ്യത്തിലെ നോവൽപ്രസ്ഥാനത്തിൽ സാരമായ സ്വാധീനം ചെലുത്തിയിട്ടുണ്ടത്രെ. രാമായണകഥയെ ഇതിവൃത്തമായി സ്വീകരിച്ചിട്ടുള്ള ആധുനികനാടകങ്ങളും ശ്രീലങ്കയിൽ ധാരാളം പ്രചരിക്കുകയുണ്ടായി.

പഴയ ജാവനീസ് ഭാഷയിലുള്ള 'രാമായണ കകാവിൻ' ആയിരുന്നു ഇൻഡോനേഷ്യയുടെ ദേശീയ ഇതിഹാസം. സാഹിത്യരൂപത്തിലും പ്രവചനരൂപത്തിലും അഭിനയരൂപത്തിലും ശില്പരൂപത്തിലും അതു് ആയിരത്താണ്ടുകളോളം ഇൻഡോനേഷ്യൻ സംസ്കാരത്തിൽ നിറഞ്ഞുനിന്നു. ഇൻഡോനേഷ്യൻ ഗവണ്മെൻറിന്റെ സംസ്കാര—വിദ്യാഭ്യാസമന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ 1971—ൽ ഒന്നാമത്തെ അന്താരാഷ്ട്രീയ രാമായണസമ്മേളനം ജക്കാർത്തയിൽ സംഘടിപ്പിക്കപ്പെട്ടതിന്റെ കാരണം ഇൻഡോനേഷ്യൻ ജീവിതത്തിൽ രാമായണത്തിന്റെ ഇന്നുമുള്ള സജീവസാന്നിദ്ധ്യമാകുന്നു.

ക്രിസ്തുവർഷം ഏഴാം ശതകമാകുമ്പോഴേക്ക് രാമായണം കംബോഡിയയിൽ പ്രചരിച്ചുകഴിഞ്ഞിരുന്നു. തായ്‌ലൻഡിലെ ദേശീയനാടകരൂപം രാമകിയേൻ (രാമകീർത്തി) എന്നറിയപ്പെടുന്നു. ലാവോസിൽ രാമായണം നൃത്തരൂപത്തിലും ഗാനരൂപത്തിലും ചിത്ര—ശില—രൂപത്തിലും മംഗളാവസരങ്ങളിൽ പാരായണംചെയ്യപ്പെടേണ്ട വിശുദ്ധ ഗ്രന്ഥങ്ങളുടെ രൂപത്തിലും ഇന്നും പ്രചരിച്ചുവരുന്നു. മലേഷ്യ, ബർമ മുതലായ ദക്ഷിണപൂർവേഷ്യയിലെ മററു് രാജ്യങ്ങളിലും രാമായണത്തിനു വ്യാപകമായ പ്രചാരമുണ്ടു്. ഫിലിപ്പൈൻ ദ്വീപുകളിലെ വനാന്തരങ്ങളിൽ ജീവിക്കുന്നവരും ഇപ്പോൾ ഇസ്ലാമിൽ വിശ്വസിക്കുന്നവരുമായ 'മരണാവ്' ഗോത്രക്കാർക്കിടയിൽ രാമായണത്തിലെ ഏതാനും ഉപഖ്യാനങ്ങളെ അവലംബിച്ചുള്ള ഒരു ഇതിഹാസഗാനം വായ്മൊഴിയായി പ്രചരിച്ചുവരുന്നതായി 1968—ൽ പ്രൊഫസർ ജുവാൻ ഫ്രാൻസിസ്കോ എന്ന പണ്ഡിതൻ കണ്ടെത്തുകയുണ്ടായി. ക്രിസ്തുമതവും ഇസ്ലാമും വന്നെത്തുന്നതിനു് എത്രയോ ശതാബ്ദങ്ങൾ മുമ്പുതന്നെ രാമായണകഥ ഫിലിപ്പൈൻ ദ്വീപുകളിൽ പ്രചാരമാർജിച്ചിരുന്നു എന്നതിനു തെളിവാണു് ഈ ഗാനം.

എ. ഡി. ഒമ്പതാം ശതകത്തിനുമുമ്പുതന്നെ ഇറാനിന്റെ കിഴക്കെ ഭാഗങ്ങളിലും, ഇപ്പോൾ സോവിയററ് യൂണിയനിൽ ഉൾപ്പെട്ടിരിക്കുന്ന മദ്ധ്യേഷ്യൻ പ്രദേശങ്ങളിലും ഉള്ള പല പ്രാദേശിക ഭാഷകളിൽ രാമായണവിവർത്തനങ്ങൾ ഉണ്ടായിക്കഴിഞ്ഞിരുന്നു. തിബത്തിലൂടെ രാമായണം മംഗോളിയയിലും, ഉത്തരേഷ്യയിലെ മററു പ്രദേശങ്ങളിലും പ്രചാരമാർജിക്കുകയുണ്ടായി. സംസ്കൃതത്തിലുള്ള വാല്മീകിരാമായണത്തിന്റെ ഏററവും പഴയ കൈയെഴുത്തുപ്രതികൾ കിട്ടിയിട്ടുള്ളതു് നേപ്പാളിൽ നിന്നാണു്.

രാമായണം എ. ഡി. പന്ത്രണ്ടാം നൂററാണ്ടിൽ ചൈനയിലൂടെ ജപ്പാനിലെത്തി. തൈരാനോയാസുയോരി എന്ന ഗ്രന്ഥകാരന്റെ 'ഹോബുററ്സുഷ്' എന്ന ബുദ്ധമത ഗ്രന്ഥത്തിൽ രാമകഥയുടെ ഒരു സംക്ഷിപ്തരൂപം നൽകപ്പെട്ടിരിക്കുന്നു. എ. ഡി. പത്താം നൂററാണ്ടിൽ ജീവിച്ചിരുന്ന മിനമോട്ടോണോ താമെനോരി എന്ന ഗ്രന്ഥകാരന്റെ 'സാംബോ ഏകോടോബ' എന്ന കഥാസമാഹാരത്തിൽ, മുനികുമാരനെ അറിയാതെ നിഗ്രഹിച്ചതു നിമിത്തം ദശരഥനു് അകപ്പെട്ട ശാപം വിവരിച്ചിരിക്കുന്നു. ദുഃഖിതയായ ഒരു രാജകുമാരിയെ ആശ്വസിപ്പിക്കാനായി, ഒരു ചിത്രച്ചുരുൾ വിവരിക്കുന്ന രൂപത്തിലാണു് ഈ കഥ അവതരിപ്പിക്കപ്പെട്ടിരി

എന്നതു്. ഇതിൽനിന്നു്, ചിത്രരൂപത്തിലും രാമായണകഥ ജപ്പാനിൽ പ്രചരിച്ചിരുന്നു എന്നു് ഊഹിക്കാം.

വാല്മീകിരാമായണത്തിന്റെ പൂർണ്ണമായ ചീനഭാഷാ വിവർത്തനം ഭാരതീയ സംസ്കാരത്തെപ്പററി ആഴത്തിൽ മനസ്സിലാക്കുവാൻ ചീനക്കാരെ സഹായിക്കാതിരിക്കുകയില്ല. ഏഷ്യയിൽ സമാധാനവും പുരോഗതിയും, ചൈനയും ഇന്ത്യയും തമ്മിലുള്ള സമാധാനപൂർണമായ സഹകരണത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ, ഈ രണ്ടു രാജ്യങ്ങളിലെ ജനതകൾക്കു പരസ്പരം അറിയാനും ആദരിക്കുവാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഏതു യത്നവും അത്യന്തം സ്വാഗതാർഹമാകുന്നു. പ്രാചീന ഭാരതീയ സംസ്കാരത്തിൽ കമ്യൂണിസ്റ്റ് ചൈന പ്രദർശിപ്പിക്കുന്ന താല്പര്യം നമ്മുടെ ശ്രദ്ധ പ്രത്യേകിച്ചും ആകർഷിക്കേണ്ടതാണു്. പാരമ്പര്യത്തിൽനിന്നുള്ള സമ്പൂർണമായ ബന്ധവിച്ഛേദം ഏതു വിപ്ലവത്തിലും ആവശ്യമോ സാധ്യമോ ആശാസ്യമോ അല്ലെന്ന പാഠമാണു് ചീനഭാഷയിലുള്ള ഈ രാമായണവിവർത്തനം നമുക്കു നൽകുന്നതു്.

(12 ഡിസംബർ, 1984)

# 12. പണക്കാരുടെ 'ശിഖരം'

ധനികങ്ങളെന്നും ദരിദ്രങ്ങളെന്നും ലോകരാഷ്ട്രങ്ങൾ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ധനികരാഷ്ട്രങ്ങളിൽ അധികവും ഭൂമധ്യരേഖയ്ക്കു വടക്കാകയാൽ അവയെ 'ഉത്തരരാഷ്ട്രങ്ങൾ' (നോർത്ത്) എന്നും, ദരിദ്രരാഷ്ട്രങ്ങളിൽ അധികവും ഭൂമധ്യരേഖയ്ക്കടുത്തോ അതിനു തെക്കോ ആകയാൽ അവയെ 'ദക്ഷിണരാഷ്ട്രങ്ങൾ' (സൗത്ത്) എന്നും വിളിച്ചുവരുന്നു. ഉത്തരരാഷ്ട്രങ്ങൾ യന്ത്രവൽകൃത—വ്യവസായ പ്രധാനങ്ങളാണു്. അവയിൽ ജനസംഖ്യ കുറയും; വിഭവങ്ങളാണെങ്കിൽ ധാരാളം. ദക്ഷിണരാഷ്ട്രങ്ങൾ കൃഷിപ്രധാനങ്ങളും വിഭവദരിദ്രങ്ങളും ആൾപ്പെരുപ്പംകൊണ്ടു വിഷമിക്കുന്നവയുമാണു്. ഇന്നത്തെ ലോകസമ്പദ്‌വ്യവസ്ഥിതി (മുതലാളിത്തവും സോഷ്യലിസവും) ആസൂത്രണംചെയ്യുന്നതും നിലനിർത്തുന്നതും ഉത്തരരാഷ്ട്രങ്ങൾ ആകുന്നു. സെക്യൂരിററി കൗൺസിലിൽ വീറേറാ അധികാരം പുലർത്തുകവഴി ഈ രാഷ്ട്രങ്ങൾ ഐക്യരാഷ്ട്രസമിതിയെ തങ്ങളുടെ ചൊല്പടിക്കു നിർത്തുന്നു. ഐക്യരാഷ്ട്രസമിതിയുടെ ജനറൽ അസംബ്ലിയിൽ പേരിനു് ഭൂരിപക്ഷമുണ്ടെങ്കിലും ദക്ഷിണരാഷ്ട്രങ്ങൾ നിസ്സഹായങ്ങളാണു്. ഉത്തരരാഷ്ട്രങ്ങൾ കനിഞ്ഞു നൽകുന്നതു വാങ്ങുവാനല്ലാതെ, തങ്ങൾക്കാവശ്യമുള്ളതു കടന്നെടുക്കാൻ ദക്ഷിണരാഷ്ട്രങ്ങൾക്കു കരുത്തില്ല.

സംഘടിച്ചു് ശക്തരാവുന്നതിനുള്ള ദക്ഷിണരാഷ്ട്രങ്ങളുടെ ദുർബല പ്രയത്നത്തിന്റെ ഫലമാണു് ചേരിചേരാപ്രസ്ഥാനം. ഇക്കഴിഞ്ഞ ഏതാനും വർഷങ്ങളായി ലോകസമ്പദ്ഘടന തകർച്ചയിലേക്കു നീങ്ങിയപ്പോൾ, ഏററവുമധികം കഷ്ടപ്പെട്ടതു് ദക്ഷിണരാഷ്ട്രങ്ങളായിരുന്നു. കാർഷികവിഭവങ്ങൾക്കു ലോകകമ്പോളത്തിൽ വില കുത്തനെ ഇടിഞ്ഞു; എണ്ണവില റോക്കററുപോലെ ഉയർന്നു. ധനികരാഷ്ട്രങ്ങൾ ലോകവ്യാപാരത്തിൽ പല നിയന്ത്രണങ്ങളും ഏർപ്പെടുത്തി. തൊഴിലില്ലായ്മ വ്യാപകമായി. ഇതുനിമിത്തം സ്വതേ ദരിദ്രങ്ങളായിരുന്ന ദക്ഷിണരാഷ്ട്രങ്ങൾ ദരിദ്രതരങ്ങളായി. അവയും സമ്പന്നരാഷ്ട്രങ്ങൾക്കുമിടയിലുള്ള കിടങ്ങു് ഇനി ഒരിക്കലും നികത്താനാവാത്തവിധത്തിൽ ആഴവും പരപ്പും